(ബി) ഉണ്ട്. തരിശുഭൂമി സ്വന്തമായുള്ളവരോ കൃഷിയിറക്കാൻ മറ്റുള്ളവരുടെ ഭൂമി നേടാൻ കഴിഞ്ഞവരോ ആയ തൊഴിൽരഹിതരായ യുവാവിനോ, യുവാക്കളുടെ ഗ്രൂപ്പിനോ ആണ് സഹായധനം നൽകുക. കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയിൽ അംഗമായിട്ടുള്ള യുവജനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(സി) കൃഷി ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി/ഗ്രൂപ്പിന് ഹെക്ടറൊന്നിന് 5000 രൂപ വച്ച് പരമാവധി 10,000 രൂപ വരെ നൽകുന്നതാണ്.

വൈദ്യുതി ബോർഡിന്റെ പുനഃസംഘടന

*23 [70] *ശ്രീ. എം. കുമാരൻ:*

„ *ബിനോയ് വിശ്വം:*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയ്ക്കായി സംസ്ഥാന ഗവൺമെന്റിനെയും ബോർഡിനെയും സഹായിക്കുവാൻ ഒരു കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിയമിച്ചത്;

(ബി) ഈ കൺസൾട്ടൻസി ബോർഡ് വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആ നിർദ്ദേശങ്ങൾ എന്താണെന്ന് വിശദമാക്കുമോ; ഈ നിർദ്ദേശങ്ങളുടെ കരട് ഗവൺമെന്റിന് സമർപ്പിച്ചതെന്നാണ്;

(സി) വിഭജനത്തിന് മുന്നോടിയായി ആസ്തി ബാദ്ധ്യതകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിന്റെ വിഭജനം എത്ര കാലംകൊണ്ട് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഇല്ല.

(ബി) —(ഡി) പ്രസക്തമല്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം

*24 [71] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/360/2012.—7

LIBRARY ARCHIVES Kerala Legislative Assembly